**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 554** **30-01-2024 - ൽ മറുപടിയ്ക്ക്**

**നികുതി പിരിവിന്റെ കാര്യക്ഷമത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ കേരളീയം പരിപാടിക്ക് സ്പോൺസർമാരെ കണ്ടെത്തി ചെലവുകൾക്കുള്ള തുക കണ്ടെത്തണമെന്ന് കാണിച്ച് സംസ്ഥാന ജി.എസ്.ടി വകുപ്പിന് നിർദ്ദേശം ലഭിച്ചിരുന്നോ; വകുപ്പിൽ ഇതിന്റെ പ്രവർത്തനങ്ങളുടെ നടത്തിപ്പും മേൽനോട്ടവും ഏൽപ്പിച്ചതാരെയൊക്കെയെന്നും ഇതിനെത്തുടർന്ന് വകുപ്പ് സ്വീകരിച്ച പ്രവർത്തനങ്ങൾ എന്തൊക്കെയെന്നും വിശദമാക്കുമോ; | (എ) | നിർദ്ദേശം ലഭിച്ചിരുന്നില്ല. |
| (ബി) | കേരളീയത്തിന് ഏറ്റവും കൂടുതൽ സ്പോൺസർമാരെ കണ്ടെത്തി തുക സംഘടിപ്പിച്ചതിന് സംസ്ഥാന ജി.എസ്.ടി വകുപ്പിനോ അല്ലെങ്കിൽ വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ കേരളീയം വേദിയിൽ ആദരം ലഭിച്ചിരുന്നോ; വ്യക്തമാക്കുമോ; | (ബി) | നിർദ്ദേശം ലഭിച്ചിരുന്നില്ല. |
| (സി) | ധനപ്രതിസന്ധി നേരിടുന്ന സംസ്ഥാനത്ത് നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനു പ്രധാന കർത്തവ്യം വഹിക്കേണ്ട ജി.എസ്.ടി വകുപ്പിലെ ഉദ്യോഗസ്ഥരെ ഇപ്രകാരം സ്പോൺസർമാരെ കണ്ടെത്തി തുക സംഘടിപ്പിക്കുന്നതിനു കൂടി നിയോഗിച്ചതു മൂലം നികുതി പിരിവിൽ വീഴ്ച വന്നതായി വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | കേരളീയം പരിപാടിയുടെ സ്പോൺസർഷിപ്പ് സ്വീകരിച്ചിരിക്കുന്നത് സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് അല്ല. കേരളീയം പരിപാടിയുടെ ഭാഗമായി യാതൊരുവിധ നികുതി ഇളവുകളും സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് നല്കിയിട്ടില്ല. |

(ഡി) നിലവിലെ കണക്കുകൾ പ്രകാരം സംസ്ഥാന ജി.എസ്.ടി വകുപ്പ് നടപ്പ സാമ്പത്തിക വർഷം പിരിച്ചെടുത്തതും ഇനി പിരിച്ചെടുക്കാനുള്ളതുമായ നികുതി തുകയുടെ വിവരങ്ങൾ മുൻ വർഷത്തെ ഇതേ കാലയളവിലെ കണക്കുകളുമായി താരതമ്യം ചെയ്തു നൽകുമോ?

(ഡി) സംസ്ഥാന ജി.എസ്.ടി വകുപ്പ് നടപ്പ സാമ്പത്തിക വർഷം പിരിച്ചെടുത്തതും ഇനി പിരിച്ചെടുക്കാൻ ഉള്ളതുമായ നികുതി തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2023-24 തുക (കോടിയിൽ)

| ഇനം | ബഡ്ജറ്റ് എസ്റ്റിമേറ്റ് (2023 -24 ) | റിവൈസ്ഡ് ബഡ്ജറ്റ് എസ്റ്റിമേറ്റ് proposed (2023 - 24 ) | 31.12.2023 വരെയുള്ള നികുത് വരുമാനം* |
|---|---|---|---|
| ജി.എസ്.ടി | 35982.63 | 32990.68 | 23033.63 |
| നോൺ ജി.എസ്.ടി | 28645.99 | 28191.14 | 18498.95 |
| ആകെ | 64628.62 | 61181.82 | 41532.58 |

* Provisional.

സംസ്ഥാന ജി.എസ്.ടി വകുപ്പ് മുൻ സാമ്പത്തിക വർഷം ഡിസംബർ മാസം വരെ പിരിച്ചെടുത്ത നികുതി തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2022-23 (തുക (കോടിയിൽ))

| ഇനം | ബഡ്ജറ്റ് എസ്റ്റിമേറ്റ് (2022 -23 ) | റിവൈസ്ഡ് ബഡ്ജറ്റ് എസ്റ്റിമേറ്റ് proposed (2022-23 ) | 31.12.2022 വരെയുള്ള നികുതി വരുമാനം* (Without IGST adhoc) |
|---|---|---|---|
| ജി.എസ്.ടി | 36818.28 | 30238 | 20918.61 |
| നോൺ ജി.എസ്.ടി | 24965.21 | 24965.07 | 18011.11 |
| ആകെ | 61783.49 | 55203.07 | 38929.72 |

* Provisional.

**2022-23 സാമ്പത്തിക വർഷത്തിൽ ഐ.ജി.എസ്.ടി അഡ്ഹോക് ഇനത്തിൽ 1028.23കോടി രൂപ ലഭിച്ചിട്ടുണ്ട്.

നടപ്പ് സാമ്പത്തിക വർഷം (2023-24) ഡിസംബർ മാസം വരെയുള്ള നികുതി വരുമാനം മുൻ വർഷത്തെ ഇതേ

കാലയളവുമായി (2022-23ഡിസംബർ മാസം വരെ) താരതമ്യം ചെയ്യുമ്പോൾ ജി.എസ്.ടി ഇനത്തിൽ 2115.02കോടി രൂപയുടെയും നോൺ ജി.എസ്.ടി ഇനത്തിൽ 487.84കോടി രൂപയുടെയും വർദ്ധനവ് ഉണ്ട്. ആകെ നികുതി ഇനത്തിൽ 2602.86 കോടി രൂപയുടെ വർദ്ധനവ് ഉണ്ട്.

പ്രീ ജി.എസ്.ടി യിനത്തിൽ ലഭിച്ച കുടിശ്ശികയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| കുടിശ്ശിക 31.03.2023 വരെ കോടിയിൽ | സ്റ്റേ (തുക കോടിയിൽ) | റെവന്യൂ റിക്കവറി (തുക കോടിയിൽ) | മറ്റ് നടപടികൾ (റൈറ്റ് ഓഫ്/ അപ്പീൽ/ നോട്ട് കളക്റ്റബിൾ/ എൻ ആർ സി (തുക കോടിയിൽ |
|---|---|---|---|
| 13559.58 | 5059 | 6903.66 | 1596.92 |

ജി.എസ്.ടി ഇതര നിയമങ്ങളിൽ നിന്നും 31.03.2023 വരെയുള്ള കണക്കുകൾ പ്രകാരം നികുതി കുടിശ്ശിക 13559.58 കോടി രൂപയാണ്. ആയതിൽ 5059 കോടി രൂപ വിവിധ സ്റ്റേയിൽ ഉൾപ്പെട്ടതും 6903.66 കോടി രൂപ റെവന്യൂ റിക്കവറി നടപടികളിൽ ഉൾപ്പെട്ടതും 1596.92 കോടി രൂപ മറ്റു നടപടികളിൽ ഉൾപ്പെട്ടതും ആണ്.

സെക്ഷൻ ഓഫീസർ

പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 554 30.01.2024 ൽ മറുപടി നൽകേണ്ടത്.**

**നികുതി പിരിവിന്റെ കാര്യക്ഷമത**

| ചോദ്യം<br>ശ്രീ. ചാണ്ടി ഉമ്മൻ | | മറുപടി<br>കെ.എൻ.ബാലഗോപാൽ<br>(ധനകാര്യ വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | സർക്കാരിന്റെ കേരളീയം പരിപാടിക്ക് സ്പോൺസർമാരെ കണ്ടെത്തി ചെലവുകൾക്കുള്ള തുക കണ്ടെത്തണമെന്ന് കാണിച്ച് സംസ്ഥാന ജി.എസ്.ടി വകുപ്പിന് നിർദ്ദേശം ലഭിച്ചിരുന്നോ; വകുപ്പിൽ ഇതിന്റെ പ്രവർത്തനങ്ങളുടെ നടത്തിപ്പും മേൽനോട്ടവും ഏൽപ്പിച്ചതാരെയൊക്കെയെന്നും ഇതിനെത്തുടർന്ന് വകുപ്പ് സ്വീകരിച്ച പ്രവർത്തനങ്ങൾ എന്തൊക്കെയെന്നും വിശദമാക്കുമോ; | (എ)<br>&<br>(ബി) | നിർദ്ദേശം ലഭിച്ചിരുന്നില്ല. |
| (ബി) | കേരളീയത്തിന് ഏറ്റവും കൂടുതൽ സ്പോൺസർമാരെ കണ്ടെത്തി തുക സംഘടിപ്പിച്ചതിന് സംസ്ഥാന ജി. എസ്.ടി വകുപ്പിനോ അല്ലെങ്കിൽ വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ കേരളീയം വേദിയിൽ ആദരം ലഭിച്ചിരുന്നോ; വ്യക്തമാക്കുമോ; | | |
| (സി) | ധനപ്രതിസന്ധി നേരിടുന്ന സംസ്ഥാനത്ത് നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനു പ്രധാന കർത്തവ്യം വഹിക്കേണ്ട ജി.എസ്.ടി വകുപ്പിലെ ഉദ്യോഗസ്ഥരെ ഇപ്രകാരം സ്പോൺസർമാരെ കണ്ടെത്തി തുക | (സി) | കേരളീയം പരിപാടിയുടെ സ്പോൺസർഷിപ്പ് സ്വീകരിച്ചിരിക്കുന്നത് സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് അല്ല. കേരളീയം പരിപാടിയുടെ ഭാഗമായി യാതൊരുവിധ നികുതി ഇളവുകളും സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് നല്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | സംഘടിപ്പിക്കുന്നതിനു കൂടി നിയോഗിച്ചതു മൂലം നികുതി പിരിവിൽ വീഴ്ച വന്നതായി വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ; | | |
| (ഡി) | നിലവിലെ കണക്കുകൾ പ്രകാരം സംസ്ഥാന ജി.എസ്.ടി വകുപ്പ് നടപ്പ സാമ്പത്തിക വർഷം പിരിച്ചെടുത്തതും ഇനി പിരിച്ചെടുക്കാനുള്ളതുമായ നികുതി തുകയുടെ വിവരങ്ങൾ മുൻ വർഷത്തെ ഇതേ കാലയളവിലെ കണക്കുകളുമായി താരതമ്യം ചെയ്തു നൽകുമോ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ